ഉത്തരം

(എ) വർദ്ധിപ്പിച്ചിരുന്നു.

(ബി) അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയുടെ വില വർദ്ധിപ്പിച്ചു.

(സി) കോമൺ അരിയുടെ വില കിലോ ഗ്രാമിന് 2 രൂപ 36 പൈസയിൽനിന്നും 2 രൂപ 50 പൈസയായും, ഫൈൻ അരിയുടെ വില 2 രൂപ 48 പൈസയിൽനിന്ന് 2 രൂപാ 62 പൈസയായും, സൂപ്പർ-ഫൈൻ അരിയുടെ വില 2 രൂപ 63 പൈസയിൽനിന്നും 2 രൂപ 77 പൈസയായും, ഗോതമ്പിന്റെ വില 1 രൂപ 90 പൈസയിൽനിന്നും 2 രൂപ 08 പൈസയായും പഞ്ചസാരയുടെ വില കിലോഗ്രാമിന് 4 രൂപ 40 പൈസയിൽനിന്നും 4 രൂപ 80 പൈസയായും മണ്ണെണ്ണയുടെ വില ലിറ്ററിന് 2 രൂപ 20 പൈസയിൽനിന്നും 2 രൂപ 34 പൈസയായും വർദ്ധിപ്പിച്ചു.

(ഡി) അരി, ഗോതമ്പ്, പഞ്ചസാര, പെട്രോളിയം ഉൽപ്പന്നങ്ങൾ എന്നിവയുടെ വില കേന്ദ്രഗവൺമെന്റ് വർദ്ധിപ്പിച്ചതിനെ തുടർന്നാണ് വിലയിൽ വർദ്ധനവുണ്ടായത്.

നിത്യോപയോഗ സാധനങ്ങളുടെ വില

200. [275] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി ഈയിടെ വർദ്ധിപ്പിച്ചിട്ടുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഏതെല്ലാം സാധനങ്ങൾക്ക് വില വർദ്ധനവുണ്ടായിട്ടുണ്ടെന്നും അവ എത്ര ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിപ്പിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരം കാണിക്കുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ബലാൽസംഗക്കേസുകൾ

201. [276] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 28-2-1986 വരെ എത്ര ബലാൽസംഗക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) അതിലെത്ര ഹരിജൻ സ്ത്രീകൾ ബലാൽസംഗത്തിന് ഇടയായിട്ടുണ്ട് ;

(സി) ഈ കേസുകളിൽ എത്ര എണ്ണത്തിൽ പ്രതികളെ ശിക്ഷിച്ചു ; എത്രയെണ്ണം വെറുതെ വിട്ടു ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എത്ര കേസുകൾ കോടതിയിൽ ഉണ്ട് ;

(ഇ) എത്ര കേസ്സുകൾ ചാർജ് ചെയ്യാനുണ്ട് ;

(എഫ്) പോലീസുദ്യോഗസ്ഥൻമാർ പ്രതികളായിട്ടുള്ള ഏതെങ്കിലും ബലാൽസംഗക്കേസ്സുകൾ ഈ കാലയളവിൽ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ എത്രപേർ പ്രതികളായിട്ടുണ്ട് ?

ഉത്തരം

(എ) 24-5-1982 മുതൽ 23-8-1985 വരെ 357 ബലാൽസംഗകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാക്കിവിവരം ശേഖരിച്ചുവരുന്നു.

(ബി, സി, ഡി, ഇ, എഫ്) വിവരം ശേഖരിച്ചുവരുന്നു.

ഹരിജന മർദ്ദന കേസുകൾ

202. (277) ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര ഹരിജനമർദ്ദന കേസുകൾ ചാർജ് ചെയ്തു ;

(ബി) എത്ര കേസുകൾ തെളിവുകളില്ലാത്തതിൻെറ പേരിൽ ചാർജ് ചെയ്യാതെ ഉണ്ട് ;

(സി) എത്ര കേസുകളിൽ ശിക്ഷിച്ചു ; എത്ര കേസുകൾ വെറുതെ വിട്ടു ;

(ഡി) എത്ര കേസുകൾ ഇപ്പോൾ കോടതിയിൽ ഉണ്ട് ?

ഉത്തരം

(എ) ഹരിജനങ്ങൾക്കുനേരെയുള്ള കൊല, ഗുരുതരമായ മുറിവേൽപിക്കൽ, ബലാൽസംഗം, കൊള്ള തുടങ്ങിയ ഗുരുതരമായ കുറ്റകൃത്യങ്ങൾക്ക് 1985 ഡിസംബർ 31 വരെ 143 കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്.

(ബി, സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് സ്റ്റേഷൻ ആക്രമിച്ച സംഭവങ്ങൾ

203. (278) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ലോക്കപ്പ് മരണങ്ങളുടെ പേരിൽ പൊതുജനം രോഷാകുലരായി പോലീസ് സ്റ്റേഷൻ ആക്രമിച്ച സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ ;

(സി) പോലീസ് സ്റ്റേഷൻ ആക്രമിച്ചു കടന്നു (അല്ലെങ്കിൽ ആക്രമിച്ചു) എന്നതിൻെറ പേരിൽ പോലീസ് വെടിവെയ്പ് ഉണ്ടായിട്ടുണ്ടോ ; ലാത്തിചാർജ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥലങ്ങളിൽ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വഞ്ചിയൂരിൽ.

(സി) ഉണ്ട്.

വഞ്ചിയൂർ പോലീസ് സ്റ്റേഷനു സമീപം.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly